

കലാകൗമുദി
എന്റെ
ഭവനം
For happy stylish living
മോസ്റ്റ് മോഡേൺ
മുംബൈ ഫ്ളാറ്റ്
ഓപ്പൺ സ്പേസിന്റെ
ആഘോഷമായ വീട്
ലാൻഡ്സ്കേപ്പ് ഒരുക്കാം
വീട്ടിനുള്ളിലും
സ്ഥലപരിമിതി മറികടന്ന
വീടുകളും പ്ലാനും



ലാൻഡ്സ്കേപ്പ് എന്ന വാക്ക് എക്സ്റ്റീരിയറിൽ തളച്ചിടേണ്ടതല്ല. വെറ്റായും, ഡ്രൈ ആയും ചെയ്യാവുന്ന ഇന്റീരിയർ ലാൻഡ്സ്കേപ്പ് സാധ്യതകളിലൂടെ...

# വീടിനകത്ത് ഒരുക്കാം ലാൻഡ്സ്കേപ്പ്

ലാൻഡ്സ്കേപ്പ് എന്ന വാക്കിന് ഒറ്റ അർത്ഥമേ നമ്മൾ കൽപ്പിച്ച് കൊടുത്തിട്ടുള്ളൂ. മുറ്റം അലങ്കരിക്കൽ എന്ന അർത്ഥം മാത്രം. എന്നാൽ വീടിന്റെ ഇന്റീരിയറിൽ ലാൻഡ്സ്കേപ്പിംഗിനുള്ള സാധ്യത വളരെ വലുതാണ്. മഴയും, വെയിലും, മഞ്ഞുമെല്ലാം മാറി മാറി എത്തിനോക്കുന്ന എക്സ്റ്റീരിയർ ലാൻഡ്സ്കേപ്പിൽ നിന്ന് വ്യത്യസ്തമായി നാലു ചുമരുകളുടെ സുരക്ഷിതത്വത്തിൽ സ്റ്റെയറിനടിയിലും, പർഗോളയ്ക്ക് താഴെയും സെന്റർ കോർട്ട്യാർഡിലുമൊക്കെ ഒളിഞ്ഞിരിക്കുന്ന ഇടങ്ങളിൽ ഇന്റീരിയർ ലാൻഡ്സ്കേപ്പ് ചെയ്യുന്നത് വീടിന് വ്യത്യസ്തത പകരും.

## ഡ്രൈയാകാം, വെറ്റാകാം

പൊതുവേ ഡ്രൈ ലാൻഡ്സ്കേപ്പോ, വെറ്റ് ലാൻഡ്സ്കേപ്പോ ആണ് ഇന്റീരിയറിൽ ചെയ്യുക. കല്ലുകൾ, തടിയും ടെറാക്കോട്ടയും കൊണ്ടുള്ള അലങ്കാരങ്ങൾ, ആർട്ടിഫിഷ്യൽ പൂക്കൾ, ചെടികൾ എന്നിങ്ങനെ നട്ടുനനച്ച് വളർത്തേണ്ട ആവശ്യമില്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് ഡ്രൈ ലാൻഡ്സ്കേപ്പ് ചെയ്യാം. എന്നാൽ വെറ്റ് ലാൻഡ്സ്കേപ്പിൽ ചെടികൾക്കും, ചെറിയ വാട്ടർ ബോഡികൾക്കുമാണ് പ്രാധാന്യം കൂടുതൽ.

വെറ്റ്, ഡ്രൈ എന്നിവ മിക്സ് ചെയ്തും ലാൻഡ്സ്കേപ്പ് ചെയ്യാം. ഒറിജിനൽ പൂക്കൾക്കൊപ്പം സ്റ്റോണിലോ, തടിയിലോ, ടെറാക്കോട്ടയിലോ തീർത്ത അലങ്കാരങ്ങൾ വയ്ക്കാം. നിലത്ത് പെബിൾസ് വിരിച്ച് അവയ്ക്കിടയിൽ ചെടികൾ വയ്ക്കാം. അങ്ങനെ പ്രകൃതിയുടെ ഒരു കണികയെങ്കിലും വീടിനുള്ളിലേക്ക് കൊണ്ടുവരാൻ എന്ത് വികൃതി വേണമെങ്കിലും അകത്തളത്തിൽ കാണിക്കാം.

## എവിടെയും വയ്ക്കാം...

വീടിനകത്ത് ലാൻഡ്സ്കേപ്പിംഗിന് എവിടെ സ്ഥലം കണ്ടെത്തും എന്ന് സംശയിച്ച് നിൽക്കുകയാണോ? സ്റ്റെയറിന്റെ താഴെ, പർഗോളയ്ക്ക് കീഴിൽ, വാഷ്ബേസിന് താഴെ, നടുമുറ്റം, ഇന്നർ കോർട്ട്യാർഡ്, മുറികളുടെ കോർണർ, ചുമരുകൾ.. സ്ഥലത്തിന് പഞ്ഞമൊന്നുമില്ലെന്ന് ഇപ്പോൾ മനസ്സിലായില്ലേ. ഒന്ന് മനസ് വച്ച് ആലോചിച്ചാൽ ഇന്റീരിയർ ലാൻഡ്സ്കേപ്പ് ചെയ്യാവുന്ന ഒരു നൂറ്

സ്ഥലമെങ്കിലും കണ്ട് പിടിക്കാൻ പറ്റും. വീട് പണിയുമ്പോഴേ ലാൻഡ്സ്കേപ്പ് എവിടെയൊക്കെ വേണമെന്ന് പ്ലാൻ ചെയ്താൽ പിന്നെയുള്ള ഏച്ച്കെട്ടലിന്റെ അപൂർണ്ണത ഒഴിവാക്കാം.

## വെറ്റ് ലാൻഡ്സ്കേപ്

വെള്ളവും, വെട്ടവുമൊക്കെ ആവശ്യമുള്ള ചെടികളാണ് വെറ്റ് ലാൻഡ്സ്കേപ്പിംഗിൽ പ്രധാനം. ഗാർഡൻ വെറൈറ്റി ചെടികൾ, ബോൺസായ്, മുള തുടങ്ങി ചെറുതും വലുതുമായ ഏത് ചെടിയും വെറ്റ് ലാൻഡ്സ്കേപ്പിന് ഉപയോഗിക്കാം. ഡബിൾ ഹൈറ്റ് സീലിംഗുള്ള ഒരു ഇന്നർ കോർട്ട്യാർഡിൽ മുള പോലെ ഉയരത്തിൽ വളരുന്ന ചെടികൾ വളർത്തുന്നതും നല്ലതാണ്. ചെറിയ ഫിഷ് ടാങ്ക്, ഒരു വാട്ടർബോഡി എന്നിവയും വെറ്റ് ലാൻഡ്സ്കേപ്പിനൊപ്പം നന്നായി ഇണങ്ങും. ചുമരുകളിൽ കട്ടുകളും, നിഷുകളും സൃഷ്ടിച്ച് അവിടെ ചെടി വയ്ക്കുന്നവരുമുണ്ട്.

ഇന്നർ കോർട്ട്യാർഡിലോ, സൂര്യപ്രകാശം കിട്ടുന്ന ഇടങ്ങളിലോ മാത്രമേ വെറ്റ് ലാൻഡ്സ്കേപ്പ് ചെയ്യാൻ പറ്റൂ എന്നൊരു പരിമിതിയുണ്ട്.



## ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ

വീടിന്റെ ഫ്ളോർ ലെവലിൽ നിന്ന് ആറിഞ്ച് മുതൽ പന്ത്രണ്ട് ഇഞ്ച് വരെ താഴ്ത്തിയെടുത്താണ് ലാൻഡ്സ്കേപ്പ് ചെയ്യുന്നത്.

ചുമരിൽ നിന്ന് ലാൻഡ്സ്കേപ്പിനോട് ചേർന്ന് ഒരു ടാപ്പ് കൊടുക്കുന്നത് ചെടി നനയ്ക്കാനോ, ലാൻഡ്സ്കേപ്പിലെ അലങ്കാരങ്ങൾ വൃത്തിയാക്കാനോ ഉപയോഗിക്കാം. ടോയ്‌ലറ്റിലും മറ്റും കൊടുക്കുന്ന പോലെ, നിലത്ത് നിന്നുള്ള ഡ്രെയിനേജ് സൗകര്യം കൂടി ടാപ്പ് കൊടുക്കുന്നതിനൊപ്പം കൊടുക്കണം. വെറ്റ്, ഡ്രൈ എന്നിവ കൂട്ടിചേർത്ത് ചെയ്യുമ്പോൾ നനഞ്ഞാലും കേടുവരാത്ത തരം അലങ്കാരങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലത്.

അത് പോലെ ചെടികളും മറ്റും പെബിൾസിനിടയിൽ വയ്ക്കുന്നുണ്ടെങ്കിൽ പെട്ടന്ന് പായൽ പിടിക്കാത്ത തരം പെബിൾ വേണം ഉപയോഗിക്കാൻ.ഡ്രൈ ലാൻഡ്സ്കേപ്പിൽ നാച്ച്വറൽ ഇൻഡോർ പ്ലാന്റുകൾ ഉപയോഗിക്കുമ്പോൾ രണ്ട് സെറ്റ് വീതം കരുതണം. ഒരു സെറ്റിനെ ഇന്റീരിയർ ലാൻഡ്സ്കേപ്പിൽ വയ്ക്കുമ്പോൾ അടുത്ത സെറ്റ് സൂര്യപ്രകാശം കിട്ടുന്നിടത്ത് പതിനഞ്ച് ദിവസം വയ്ക്കണം. അങ്ങനെ മാറ്റി മാറ്റി വച്ചാൽ ചെടികൾ എപ്പോഴും ഫ്രഷ് ആയിരിക്കും.



വെളിച്ചവും ഒരു ചെടി വളരാനാവശ്യമായ ചുറ്റുപാടുമെല്ലാം കൃത്രിമമായി സൃഷ്ടിച്ചാലും സൂര്യപ്രകാശം ഒറിജിനൽ തന്നെ കിട്ടിയില്ലെങ്കിൽ ചെടിയുടെ വളർച്ച അവതാളത്തിലാകും.

അതുകൊണ്ട് വെറ്റ് ലാൻഡ്സ്കേപ്പ് ചെയ്യാൻ താൽപര്യമുള്ളവർ വീട് ഡിസൈൻ ചെയ്യുമ്പോൾ തന്നെ ഡിസൈനറോടും, ആർക്കിടെക്റ്റിനോടും ഇക്കാര്യം സംസാരിക്കണം.

## താൽപര്യമാണ് പ്രധാനം

കാര്യം വെറ്റ് ലാൻഡ്സ്കേപ്പ് കാണാൻ നല്ല ഭംഗിയാണെങ്കിലും സമയം കൈവെള്ളയിലൊതുക്കി ജീവിക്കുന്നവരും, ചെടി നോക്കാനും, നനയ്ക്കാനും, സമയാസമയം വളമിടൽ, ട്രിം ചെയ്യൽ തുടങ്ങിയവയിൽ താൽപര്യമില്ലാത്തവരും വെറ്റ് ലാൻഡ്സ്കേപ്പിനേക്കാൾ ഡ്രൈ ലാൻഡ്സ്കേപ്പ് പരീക്ഷിക്കുന്നതാണ് ഉചിതം.

## ഡ്രൈ ലാൻഡ്സ്കേപ്പ്

സ്റ്റെയറുകളുടെ താഴത്തെ ഭാഗം, കോർട്ട്യാർഡ്, വാഷ്ബേസിന് കീഴിൽ, മുറികളുടെ കോർണർ തുടങ്ങി എവിടെയും ഡ്രൈ ലാൻഡ്സ്കേപ്പ് ചെയ്യാം.

വെട്ടം, വെളിച്ചം തുടങ്ങിയ പരിമിതികൾ ഇല്ലാത്തകൊണ്ട് വീടിന്റെ ഏത് കോണിലും ഒരു ഡ്രൈ ലാൻഡ്സ്കേപ്പ് അനായാസം കൂട്ടിച്ചേർക്കാം.

പെബിൾസ്, കല്ലുകൾ, ഡ്രൈ ഫ്ലവേഴ്സ്, ടെറാക്കോട്ട ടൈലുകൾ, തടിയിലും, സ്റ്റോണിലും തീർത്ത അലങ്കാരങ്ങൾ തുടങ്ങി ഡ്രൈ ലാൻഡ്സ്കേപ്പിന് ചന്തം

## പല വിധം, പല തരം

എത്ര എക്കണോമിക്കലായി വീടിനകം ഒരുക്കുന്നവർക്കും ഒരു ലാൻഡ്സ്കേപ്പ് വീടിനകത്ത് കീശ ചോരാതെ ഇണക്കിച്ചേർക്കാം. ലാൻഡ്സ്കേപ്പിന്റെ ബേസ് ആയി ഉപയോഗിക്കുന്ന പെബിൾസ് പല വിലയിൽ കിട്ടും. മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയ നാച്വറൽ മെറ്റിരിയലുകൾ പെബിളുകളുടെ ഷേപ്പിൽ കിട്ടും. മാത്രമല്ല, റഫ് ഫിനിഷിലും, പോളിഷ്ഡ് ഫിനിഷിലും പെബിളുകൾ കിട്ടും. മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയ നാച്വറൽ സ്റ്റോണിലുള്ള പെബിൾസിന് വില കൂടുതലാണ്. എക്കണോമിക്കലായി വീടൊരുക്കുന്നവർക്ക് ഇത്തരം പെബിൾസിന് പകരം വെള്ളാരംകല്ലുകൾ, ഉരുളൻകല്ലുകൾ തുടങ്ങിയവയും ഉപയോഗിക്കാം. താരതമ്യേന വില കുറവായിരിക്കും ഇത്തരം കല്ലുകൾക്ക്.

പെബിളുകൾക്ക് പകരം മൊസൈക് ചിപ്പ്, കരിങ്കല്ലിന്റെ ചെറിയ കഷ്ണങ്ങൾ, ചെറിയ ടൈലുകൾ തുടങ്ങിയവയും ഉപയോഗിക്കാം. ഇവയും അത്ര എക്സ്പെൻസീവല്ല. മിക്ക ചെടികളും ഏത് റേഞ്ചിലും ലഭ്യമാണ്. കാക്ടസ് ഇനങ്ങളിൽ പെട്ട ചെടികൾ മിക്കവാറുമൊക്കെ വീടുകളിൽ നിന്ന് തന്നെ ശേഖരിക്കാനാവും. എന്തിന്, വീട്ടുമുറ്റത്തുള്ള കരിങ്കല്ല്, ഇഷ്ടിക, വെട്ടുകല്ല് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് പോലും ക്രിയേറ്റീവായ ഒരാൾക്ക് ലാൻഡ്സ്കേപ്പ് ഒരുക്കാം.



കൂട്ടാനുള്ള സാധനങ്ങളുടെ ലിസ്റ്റ് എടുത്താൽ തീരില്ല. ഇനിയിപ്പോൾ വീടിനുള്ളിൽ പച്ചപ്പ് വരുത്തിയേ പറ്റൂ. എന്നാൽ ചെടി നോക്കാനും വളർത്താനുമൊക്കെ മടിയുമാണെങ്കിൽ ഒറിജിനൽ ചെടികളെ വെല്ലുന്ന ഡ്യൂപ്ലിക്കേറ്റുകൾ ഉപയോഗിക്കാം. അതുമല്ലെങ്കിൽ അത്ര പരിചരണം കിട്ടിയില്ലെങ്കിലും വാടി കരിഞ്ഞ് പോകാത്ത ഇൻഡോർ പ്ലാന്റുകൾ വയ്ക്കാം. കാക്റ്റസും നല്ല ഓപ്ഷനാണ്. പല തരത്തിലുള്ള കാക്റ്റസ് ചേരുംപടി ചേർത്ത് വയ്ക്കുന്നത് ലാൻഡ്സ്കേപ്പിന്റെ ലുക്ക് മാറ്റി മറിക്കും.

## ഒരു മണിക്കൂർ തരൂ...

വീടൊക്കെ പണിത് തീർത്തിട്ട് ഒരു ലാൻഡ്സ്കേപ്പ് കൂട്ടിച്ചേർക്കണമെങ്കിൽ അതിനും സാധ്യതയുണ്ട്. ഒരു ഡ്രൈ ലാൻഡ്സ്കേപ്പ് ഏത് മുറിയുടെ കോണിലും അനായാസം വിളക്കിച്ചേർക്കാം. ഒറിജിനലിനെ വെല്ലുന്ന ചെടിയും, പൂവും, കായും എന്തിന് മരം പോലും ഇപ്പോൾ വിപണിയിൽ കിട്ടും. പെബിൾസും, സ്റ്റോണും, ഡ്രൈ ഫ്ലവേഴ്സുമെല്ലാം ക്രിയേറ്റിവിറ്റിയുടെ മേമ്പൊടി കൂടി ചേർത്ത് വിളമ്പിയാൽ മുറിക്കൊരു വ്യത്യസ്ത ലുക്ക് മണിക്കൂറുകൾക്കുള്ളിൽ റെഡി.

## ബേസ് ഒരുക്കുമ്പോൾ

ഡ്രൈ ലാൻഡ്സ്കേപ്പിന് പെബിൾസ്, മാർബിൾ, ഗ്രാനൈറ്റ് ചിപ്പ്, ടെറാക്കോട്ട ടൈൽ തുടങ്ങി എന്തും ഉപയോഗിക്കാം. ആറിഞ്ച് മുതൽ പന്ത്രണ്ട് ഇഞ്ച് വരെ ആഴത്തിലുള്ള കുഴിയിൽ ഗ്രാനൈറ്റ് ചിപ്സോ,





## നൂറ് ശതമാനം ഡ്രൈ ലാൻഡ്സ്കേപ്പിൽ അറ്റകുറ്റപണികൾ ഒന്നും തന്നെ വരാനില്ല. പൊടി അടിഞ്ഞ് കൂടുന്നത് മാത്രമാണ് ഒരു പ്രധാന പ്രശ്നം.

കല്ലുകളേ മറ്റോ നിരച്ച് അതിന് മുകളിൽ പെബിൾ, മാർബിൾ ചിപ്സ്, ചെറിയ കല്ലുകൾ എന്നിവ മുകളിൽ വിരിച്ചാണ് ലാൻഡ്സ്കേപ്പ് ഒരുക്കുന്നത്. വെറും മണ്ണ് വിരിച്ച് അതിൽ ലാൻഡ്സ്കേപ്പ് ചെയ്യുന്നത് പോലും കാണാൻ ഭംഗിയുണ്ടാകും. പച്ചപ്പിനോട് ആവേശം ഉള്ളവർക്ക് ആർട്ടിഫിഷ്യൽ ലോൺ വിരിക്കാം.

### പരിചരണം വ്യത്യസ്തം

നൂറ് ശതമാനം ഡ്രൈ ലാൻഡ്സ്കേപ്പിൽ അറ്റകുറ്റപണികൾ ഒന്നും തന്നെ വരാനില്ല. പൊടി അടിഞ്ഞ് കൂടുന്നത് മാത്രമാണ് ഒരു പ്രധാന പ്രശ്നം. വെള്ളം ഉപയോഗിച്ച് കഴുകാവുന്ന വസ്തുക്കൾ മാസത്തിലൊരു വട്ടമോ, രണ്ട് മാസത്തിലൊരിക്കലോ കഴുകുക. ഡ്രൈ ഏരിയ, ചെടികൾ എന്നിവയിൽ അടിഞ്ഞ് കൂടുന്ന പൊടി ഒരു തുണി ഉപയോഗിച്ച് തുടച്ച് നീക്കുന്നതാണ് ഉചിതം.


വെള്ള നിറത്തിലുള്ളതും, കറ വലിച്ചെടുക്കുന്ന തരം പെബിളുകളും ഇടയ്ക്കിടെ വൃത്തിയാക്കണം. കാർപ്പസും മറ്റും ഇടയ്ക്കിടെയെങ്കിലും നനയ്ക്കണം. ഒറിജിനൽ ചെടികൾ നട്ടിട്ടുണ്ടെങ്കിൽ അവ നനച്ച് കഴിഞ്ഞാൽ വെള്ളം കെട്ടിക്കിടക്കാതെ നോക്കണം.

വെറ്റ് ലാൻഡ്സ്കേപ്പിൽ ചെടികൾ ഉള്ളത് കൊണ്ട് അവയുടെ സംരക്ഷണം പ്രധാനമാണ്. സമയാസമയം മുറിക്കുക, വളമിടുക, തുടങ്ങി ദിവസേന കണ്ണെത്തേണ്ട ഇടമാണ് വെറ്റ് ലാൻഡ്സ്കേപ്പ്. ഫിഷ്പോണ്ട്, വാട്ടർ ബോഡി എന്നിവയും ഇടയ്ക്കിടെ വൃത്തിയാക്കണം.

### സിമ്പിൾ ഫർണിച്ചർ

കുറച്ച് വലിയ ഒരു കോർട്ട്‌യാർഡിൽ ഒന്നോ, രണ്ടോ ഫർണിച്ചർ ഇട്ടാൽ വീടിനുള്ളിൽ തന്നെ ഒരു റിലാക്സിംഗ് സ്പേസ് കൂട്ടിച്ചേർക്കാം. എക്സ്റ്റീരിയർ ക്വാളിറ്റി ഫർണിച്ചർ ആണ് ലാൻഡ്സ്കേപ്പിൽ ഏറ്റവും യോജിച്ചത്.

ബീച്ച് ഫർണിച്ചർ, സിമ്പിൾ ഡിസൈനർ ഫർണിച്ചർ എന്നിവയെല്ലാം ലാൻഡ്സ്കേപ്പിനൊപ്പം നന്നായി ഇണങ്ങും. പാർക്ക് ബെഞ്ച്, കാസ്റ്റ് അയേണിൽ തീർത്ത ഫർണിച്ചർ എന്നിവയ്ക്കൊക്കെ ഒരു റിലാക്സിംഗ് ലുക്ക് അവകാശപ്പെടാനാവും.



നിധി തോമസ്
വിവരങ്ങൾക്ക് കടപ്പാട്
രഞ്ജിത്ത് പുത്തൻപുരയിൽ,
ഇന്റീരിയർ ഡിസൈനർ,
രഞ്ജിത്ത് അസോസിയേറ്റ്സ് കൊച്ചി
ഫോൺ: 9847438814

## വെളിച്ചം പകരാം

പെർഫക്ട് ലൈറ്റിംഗ് കൂടിയില്ലാതെ എന്ത് ലാൻഡ്സ്കേപ്പ്? ഗാർഡൻ ലൈറ്റുകൾ, പാത്ത്ഫൈൻഡർ ലൈറ്റുകൾ, സ്പോട്ട് ലൈറ്റുകൾ, സ്ട്രിപ്പ് ലൈറ്റുകൾ തുടങ്ങി ഒരു നൂറായിരം തരം ലൈറ്റുകൾ എതിലും വിപണിയിൽ ലഭ്യമാണ്.

ഇവയിൽ നിന്ന് ലാൻഡ്സ്കേപ്പിന്റെ സ്വഭാവമനുസരിച്ചുള്ള ലൈറ്റിംഗ് വേണം കൊടുക്കാൻ. ഫ്ളോറിന്റെ താഴെ നിന്ന്, പെബിൾസിനിടയിലൂടെ, ചുമരുകൾ, അരഭിത്തികൾ എന്നിവയുടെ ഇടയിൽ നിന്ന് എന്നിങ്ങനെ ലാൻഡ്സ്കേപ്പിന്റെ സ്വഭാവമനുസരിച്ച് എവിടെ നിന്നും ലൈറ്റിംഗ് കൊടുക്കാം.

പാർക്കുകളിലും മറ്റും നടപ്പാതകളിൽ ഉപയോഗിക്കുന്ന പാത്ത്ഫൈൻഡർ ലൈറ്റുകൾ കൊടുക്കുന്നതും ലാൻഡ്സ്കേപ്പിൽ വ്യത്യസ്തത കൊണ്ടുവരാൻ സഹായിക്കും.

ഒരുപാട് അലങ്കാരങ്ങൾ ഉള്ള ഇടത്ത് ഇൻഡയറക്ട് ലൈറ്റ് കൊടുക്കുന്നത് നല്ലതാണ്. ശില്പങ്ങൾ, വെളിച്ചം പ്രകാശിപ്പിക്കുന്ന തരം ചെടികൾ എന്നിവയുണ്ടെങ്കിൽ അവയ്ക്ക് പ്രാധാന്യം ലഭിക്കുന്ന രീതിയിൽ വേണം ലൈറ്റ് കൊടുക്കാൻ.

സ്റ്റെയറുകളിലും, വളഞ്ഞു പുളഞ്ഞു പോകുന്ന ഭിത്തികളിലും സ്ട്രിപ്പ് ലൈറ്റുകൾ ഒട്ടിക്കാം. എൽ ഇ ഡി ലൈറ്റിന്റെ വളയ്ക്കാവുന്ന ഈ തുടരൻ സ്ട്രിപ്പുകൾ മുറിക്കാതെ തന്നെ എവിടെയും ഒട്ടിച്ച് പോകാം.